നം എം 4/76036/2011/ഡി പി ഐ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,

തിരുവനന്തപുരം, തീയതി 21/06/2012

## സർക്കുലർ

വിഷയം:-പൊ . വി -പുകയില വിമുക്ത വിദ്യാലയം- പ്രവർത്തനങ്ങൾ സംബന്ധിച്ച്

സൂചന:- 1. ജി ഓ (ആർടി) നമ്പർ 1479/12 /ഹോം തീയതി 17.5.2012

2. സ്കൂൾ സുരക്ഷാ സമിതി രൂപീകരണം സംബന്ധിച്ച് ഡി ജി പി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ.

3. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമമന്ത്രാലയത്തിന്റെ 2009 ലെ മാർഗ്ഗനിർദ്ദേശങ്ങൾ.

പുകയിലജന്യ രോഗങ്ങളാൽ ഓരോ സെക്കൻഡിലും ഒരു ഭാരതീയൻ മരിക്കുന്നു. നമ്മുടെ രാജ്യത്ത് ഏകദേശം 274.9 ദശലക്ഷം ആളുകൾ പുകയില ഉപയോഗിക്കുന്നു.ലോകത്ത് വായിൽ അർബ്ബുദം ബാധിച്ച് മരിക്കുന്നവരിൽ 80 ശതമാനവും ഭാരതത്തിലാണ്. ലോകാരോഗ്യ സംഘടനയുടെ പഠന പ്രകാരം (2009) ഭാരതത്തിൽ 15 വയസ്സിനു താഴെയുള്ളവരിൽ 14.6 ശതമാനം പുകയില ഉപയോഗിക്കുന്നവരാണ്. പുകവലിക്കുന്നതിനേക്കാൾ പുകയില ചവയ്ക്കുന്നശീലം വർദ്ധിച്ചുവരുന്നതായി പഠനങ്ങൾ വ്യക്തമാക്കുന്നു. ഇങ്ങനെ ഒരു വലിയവിഭാഗം പുകയിലയുടെ ബലിയാടായി മാറുന്ന പുതുതലമുറയാണ് വളർന്നുവരുന്നത്. അതായത്, അർബുദം പോലുള്ള മാരക രോഗങ്ങൾ സ്വയം വിളിച്ചുവരുത്തുന്ന ഒരു തലമുറയായി മാറുന്ന ഈ അവസ്ഥയ്ക്ക് വിരാമമിടേണ്ടകാലം അതിക്രമിച്ചു.അതു നമ്മുടെ കർത്തവ്യമാണെന്ന് നാം തിരിച്ചറിയണം.

ഈ സാഹചര്യത്തിലാണ് സ്കൂളുകൾ പുകയില വിമുക്തമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നത്. സിഗററ്റിന്റെയും ഇതര പുകയില ഉൽപ്പന്നങ്ങളുടെയും ഉത്പാദന, വിതരണ, വിൽപ്പന നിയന്ത്രണത്തിനും പരസ്യനിരോധനത്തിനുമുള്ള 2003ലെ കേന്ദ്ര നിയമമായ കോട്പ സംസ്ഥാനത്ത് കർശനമായി നടപ്പാക്കാൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ളതാണ്. കൂടാതെ സംസ്ഥാനത്ത് പാൻമസാല , ഗുട്ക എന്നിവയുടെ ഉത്പ്പാദനവും വിപണനവും സംസ്ഥാന സർക്കാർ 2012 മെയ് 22 മുതൽ നിരോധിച്ചിട്ടുണ്ട്. അത് ഫലപ്രദമായി നടപ്പാക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ അതീവ ശ്രദ്ധയോടും കൃത്യതയോടും സ്കൂളുകളിൽ നടപ്പാക്കണം. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവുപ്രകാരം സംസ്ഥാനത്ത് സ്കുളുകളിൽ 2003ലെ കേന്ദ്ര നിയമമായ കോട്പ (ഇഛരജആ, 2003) പ്രകാരം പുകയിലവിരുദ്ധപ്രവർത്തനങ്ങൾ ശക്തമാക്കാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അതുപ്രകാരമാണ് സംസ്ഥാനത്ത് മൂന്നുതലങ്ങളിൽ കമ്മറ്റികൾക്ക് സർക്കാർ രൂപം നൽകി വരുന്നത്. സംസ്ഥാന തലത്തിലും ജില്ലാതലങ്ങളിലും സമിതികൾ രൂപീകരിച്ചുകഴിഞ്ഞു. സ്കൂൾതല സമിതികൾ രൂപീകരിക്കാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർ ഉത്തരവു നൽകിയിട്ടുണ്ട്. അത് അടിയന്തരമായി നടപ്പാക്കാൻ നടപടികൾ സ്വീകരിക്കണം.

1. ഇതിനായി പ്രധാന അദ്ധ്യാപകൻ ചെയർമാനായി സ്കൂൾതല കമ്മിറ്റി രൂപീകരിക്കുക. പി ടി എ പ്രസിഡന്റ്, എം പി ടി എ പ്രസിഡന്റ്, ഒരു അദ്ധ്യാപകൻ/അദ്ധ്യാപി

ക(ടീച്ചർ കോർഡിനേറ്റർ),പോലീസ് സബ് ഇൻസ്പെക്ടർ(സ്റ്റേഷൻ ഹൗസ് ഓഫീസർ), സ്കൂൾ ലീഡർ, എന്നിവരെ അംഗങ്ങളാക്കണം.

(ജില്ലാകളക്ടർ ചെയർമാനും) ജില്ലാ പോലീസ് സൂപ്രണ്ട്, ജില്ലാ വിദ്യാഭ്യാസ ഓഫീസർ , ജില്ലാ മെഡിക്കൽ ഓഫീസർ തുടങ്ങിയവർ അംഗങ്ങളായുമാണ് ജില്ലാതല സമിതികൾ. സംസ്ഥാന ആഭ്യന്തര സെക്രട്ടറി അദ്ധ്യക്ഷനായാണ് സംസ്ഥാനതല സമിതി. ആരോഗ്യ, പൊതുവിദ്യാഭ്യാസ വകുപ്പു സെക്രട്ടറിമാരും, സംസ്ഥാന പോലീസ് മേധാവിയും പൊതു വിദ്യാഭ്യാസ ഡയറക്ടറും ഈ സമിതിയിൽ അംഗങ്ങളാണ്.

2. പുകയില ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ കുട്ടികളിലൂടെ സമൂഹത്തിലെത്തിക്കാൻ പ്രവർത്തനങ്ങൾ ആസുതണം ചെയ്യുക. സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ, എസ് പി സി, എൻ സി സി, സ്കൗട്സ് ആൻഡ് ഗൈഡ്സ്, ജെ ആർ സി എന്നിവ പ്രവർത്തിക്കുന്ന സ്കൂളുകളിൽ പുകയില വിരുദ്ധ പ്രവർത്തനങ്ങൾ അവയുടെ പ്രധാന പ്രവർത്തനമായി മാറ്റണം. അവരിലൂടെ സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ബോധവൽക്കരണ പരിപാടികളിൽ പങ്കെടുക്കാൻ ഹെൽത്ത് ക്ലബ്, ശാസ്ത്ര ക്ളബ്, സാമൂഹ്യ ശാസ്ത്ര ക്ലബ് എന്നിവയുടെ പ്രവർത്തനങ്ങൾ ബന്ധപ്പെടുത്തുന്നതിന് പ്രധാനാദ്ധ്യാപകൻ ശ്രദ്ധിക്കേണ്ടതാണ്.

3. ലഹരി ദുരുപയോഗത്തിനും നിയമ വിരുദ്ധ കടത്തിനുമെതിരായ ദിനാചരണത്തോടനുബന്ധിച്ച് ജൂൺ 26ന് സ്കൂൾ അസംബ്ലി ചേർന്ന് പുകയില വിരുദ്ധ പ്രതിജ്ഞയെടുക്കുക. പുകയിലയുടെയും ലഹരി വസ്തുക്കളുടെയും അപകടങ്ങളെക്കുറിച്ച് ബോധവൽക്കരണമാണ് ലക്ഷ്യം.അതിന് ആരോഗ്യ വകുപ്പിലെ വിദഗ്ധരുടെ സേവനം തേടാവുന്നതാണ്.

4. പുകയില വിരുദ്ധ ബോധവൽക്കരണ് പരിപാടികൾക്ക് തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം.

5. വിദ്യാർത്ഥികളുടെ വീടുകളിലും അയൽവീടുകളിലും ഇത്തരം പ്രവർത്തനങ്ങളെത്തണം.

6. സ്കൂൾ വളപ്പിൽ പുകയില വിമുക്ത സ്കൂൾ എന്ന ബോർഡ് സ്ഥാപിക്കണം. കൂടാതെ കേന്ദ്ര നിയമ (ഇഛരാജഅ, 2003) പ്രകാരമുള്ള ബോർഡുകളും സ്ഥാപിക്കണം.

7. പുകവലി ഉപയോഗ ശീലം ഉപേക്ഷിച്ച വ്യക്തികളുമായികുട്ടികൾക്ക് ചർച്ചയ്ക്കും അവസരമൊരുക്കാവുന്നതാണ്.

2003ലെ കേന്ദ്ര നിയമം നടപ്പാക്കുന്നതു സംബന്ധിച്ച സംസ്ഥാന ഹൈക്കോടതിയുടെ 2012 മാർച്ച് 26ലെ ഉത്തരവും സംസ്ഥാനത്ത് പുകയില വിരുദ്ധ പ്രവർത്തനങ്ങൾക്ക് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളും കർശനമായി നടപ്പാക്കേണ്ട ചുമതല വിദ്യാഭ്യാസമേഖലയിൽ പ്രവർത്തിക്കുന്ന നമുക്കാണെന്ന വസ്തുത മനസ്സിലാക്കി ഇക്കാര്യങ്ങളിൽ സ്തവരവും കാര്യക്ഷമവുമായ നടപടികളുണ്ടാകണമെന്ന് നിർദ്ദേശിക്കുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

## 2012 ജൂൺ 26

പുകയില ഉത്പ്പന്നങ്ങൾക്കും മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരി പദാർത്ഥങ്ങൾക്കുമെതിരായ

# സ്കൂൾ വിദ്യാർത്ഥികളുടെ പ്രതിജ്ഞ

പുകയുള്ളതും പുകയില്ലാത്തതുമായ പുകയില ഉത്പ്പന്നങ്ങളും മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരി പദാർത്ഥങ്ങളും ഗുരുതരമായ രീതിയിൽ എന്റെയും എന്റെ സുഹൃത്തുക്കളുടെയും കുടുംബാംഗങ്ങളുടെയും ആരോഗ്യത്തിന് ഹാനികരമായ വിധത്തിൽ ബാധിക്കാനിടയുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു.

ഏതെങ്കിലും തരത്തിലുള്ള പുകയിലയുടെയും മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെയും ഉപയോഗത്തിൽനിന്ന് പിന്മാറാൻ എന്റെ സുഹൃത്തുക്കളേയും കുടുംബങ്ങളേയും ബോധവൽക്കരിക്കാനും ഞാൻ സന്നദ്ധനാണ്.

................................സ്കൂളിലെ വിദ്യാർത്ഥികളായ ഞങ്ങൾ ജീവിതത്തിലൊരിക്കലും പുകയില ഉത്പ്പന്നങ്ങളും മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരി പദാർത്ഥങ്ങളും ഉപയോഗിക്കില്ലെന്ന് പ്രതിജ്ഞ ചെയ്യുന്നു.

സ്കൂൾ പരിസരങ്ങളിലോ സമീപ പ്രദേശങ്ങളിലോ പുകയിലയുടെ ഉപയോഗം കണ്ടെത്തിയാൽ അക്കാര്യം സ്കൂളിലെ പ്രധാനാദ്ധ്യാപകനേയോ അദ്ധ്യാപകരെയോ അറിയിക്കാനും ഞാൻ സന്നദ്ധനാണ്.

വ്യക്തികളേയും കുടുംബങ്ങളേയും ആരോഗ്യപരമായും സാമ്പത്തികമായും സാംസ്കാരികമായും നശിപ്പിക്കുന്ന സാമൂഹ്യ വിപത്തായ ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കുകയോ അതിനായി മറ്റുള്ളവരെ പ്രേരിപ്പിക്കുകയില്ലെന്നും ഞാൻ പ്രതിജ്ഞ ചെയ്യുന്നു. ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുമെന്നും ലഹരി വിമുക്ത സമൂഹത്തിനായി പ്രയത്നിക്കുമെന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

പ്രതിജ്ഞ പ്രതിജ്ഞ പ്രതിജ്ഞ